"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാലാവധി അവസാനിക്കുന്ന പഞ്ചായത്തുകളിൽ രൂപീകരിച്ച ഭരണ നിർവ്വഹണ കമ്മിറ്റി - അലോട്ട്മെന്റുകൾ അധികൃതമാക്കുന്നത് - മാർഗനിർദ്ദേശം നല്കി ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

**G.O.(Rt)No.2146/2020/LSGD** തീയതി,തിരുവനന്തപുരം, 13/11/2020

പരാമർശം:- 1 സ.ഉ.(അച്ചടി) നം - 66/2020/തസ്വഭവ തീയതി 9/11/2020

2 12/11/2020-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/13444/2020-J8(DP) നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ പഞ്ചായത്തുകളിൽ പരാമർശം (1) - ലെ ഉത്തരവ് പ്രകാരം 11.11.2020 – ൽ കാലാവധി അവസാനിക്കുന്ന പഞ്ചായത്തുകളിൽ മൂന്നുപേരടങ്ങുന്ന ഒരു ഭരണ നിർവ്വഹണ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു. 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 34(1) പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകുന്ന എല്ലാ അലോട്ട്മെന്റുകളും പ്രസിഡന്റ് അധികൃതമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്പോൾ പ്രസിഡന്റ് സ്ഥാനം നിലവിലില്ലാത്തതിനാൽ ഭരണ നിർവ്വഹണ കമ്മിറ്റിക്ക് ഈ അധികാരം നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരിശോധിച്ചു. അലോട്ട്മെന്റുകൾ അധികൃതമാക്കുന്നതിനായി താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

ILGMS (Integrated Local Governance Management System)/SANKHYA നടപ്പിലാക്കിയിട്ടില്ലാത്ത പഞ്ചായത്തുകളിൽ ഭരണ നിർവ്വഹണ കമ്മിറ്റിയിലെ അംഗങ്ങളായ അസിസ്റ്റന്റ് എഞ്ചിനീയറും കൃഷി ഓഫീസറും സെക്രട്ടറി നൽകുന്ന അലോട്ടുമെന്റുകൾ അധികൃതമാക്കുക.

ILGMS/SANKHYA നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളിൽ ഭരണ നിർവ്വഹണ കമ്മിറ്റിയിലെ അംഗങ്ങളായ അസിസ്റ്റന്റ് എഞ്ചിനീയർക്കോ കൃഷി ഓഫീസർക്കോ അലോട്ടുമെന്റുകൾ അധികൃതമാക്കുന്നതിനുള്ള Login നൽകുന്നതിനായി ഭരണ നിർവ്വഹണ കമ്മിറ്റി തീരുമാനമെടുക്കുകയും പ്രസ്തുത വിവരം IKM – നെ അറിയിച്ച് ഉദ്യോഗസ്ഥന് Login ലഭ്യമാക്കുകയും ചെയ്യുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SUNITHA I**
**DEPUTY SECRETARY**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ പഞ്ചായത്തുകളിലെയും ഭരണ നിർവഹണ കമ്മിറ്റികൾക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന)അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ഏ&ഈ) തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by Prajeesh Kumar M K
Date: 2020.11.13 17:07 IST
Reason: Approved

സെക്ഷൻ ഓഫീസർ